(സി&ഡി) തുക എടുത്തു കഴിഞ്ഞാൽ അന്നുമുതൽ 2 വർഷത്തെ മോറട്ടോറിയം ലഭിക്കുന്നതാണ്. കടാശ്വാസ കാലാവധി അവസാനിക്കുമ്പോൾ കൊല്ലം ടെക്നോപാർക്ക് പ്രതിമാസം 1.10 കോടി രൂപയും ഇൻഫോപാർക്ക് കൊച്ചി പ്രതിമാസം ഏകദേശം 82 ലക്ഷം രൂപയും ഇൻഫോപാർക്ക് അനുബന്ധ പ്രതിമാസം ഏകദേശം 6 ലക്ഷം രൂപയും തിരിച്ചടവായി അടക്കേണ്ടിവരും.

കെ.എസ്.ആർ.ഇ.സി.-ലെ നിയമനം

27 (T 2499) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ഇ.സി (കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൺവയോൺമെന്റ് സെന്റർ) എന്ന സ്ഥാപനം ആരംഭിച്ചതെന്നാണ് ;

(ബി) ഈ സ്ഥാപനത്തിൽ 1-6-2005-ൽ എത്ര ജീവനക്കാരുണ്ടായിരുന്നു ; സ്ഥിരം ജീവനക്കാർ എത്ര ; താല്ക്കാലിക ജീവനക്കാർ എത്ര ;

(സി) ചട്ടങ്ങൾ പ്രകാരം നിലവിലുള്ള നിയമന രീതി എന്താണെന്ന് വിശദമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്രപേരെ പിരിച്ചുവിട്ടു ; എത്രപേരെ പുതുതായി നിയമിച്ചു ;

(ഇ) പി.എസ്.സി. അനുമതിയോടെ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ; വിശദവിവരം നൽകുമോ ;

(എഫ്) പി.എസ്.സി.യുടെ അനുമതിയില്ലാതെ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ജി) 31-12-2010-ൽ ഈ സ്ഥാപനത്തിൽ എത്ര ജീവനക്കാരുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 3-2-1995-ലാണ് കെ.എസ്.ആർ.ഇ.സി. (കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൺവയോൺമെന്റ് സെന്റർ) എന്ന സ്ഥാപനം ആരംഭിച്ചത്.

(ബി) 1-6-2005-ൽ കെ.എസ്.ആർ.ഇ.സി.-യിൽ 25 ജീവനക്കാരുണ്ടായിരുന്നു.

സ്ഥിരം ജീവനക്കാർ	-	2
താൽക്കാലിക ജീവനക്കാർ	-	23

(സി) സമയബന്ധിതമായ പ്രോജക്ടിലേക്ക് പത്രപ്പരസ്യം നൽകി എഴുത്തുപരീക്ഷയും അഭിമുഖവും നടത്തി അതിന്റെ അടിസ്ഥാനത്തിലാണ് ജീവനക്കാരെ നിയമിക്കുന്നത്.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രോജക്ട് തീർന്നതിനനുസരിച്ച് 163 പേരെ പിരിച്ചുവിടുകയും 85 പേരെ പുതുതായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) കെ.എസ്.ആർ.ഇ.സി-യിലെ നിയമനം പി.എസ്.സി.-ക്ക് വിട്ടിട്ടില്ല. പി.എസ്.സി.-യുടെ അനുമതിയോടെ ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല.

(എഫ്) കെ.എസ്.ആർ.ഇ.സി.-യിലെ നിയമനം പി.എസ്.സി.-ക്ക് വിട്ടിട്ടില്ല.

(ജി) 31-12-2010-ൽ കെ.എസ്.ആർ.ഇ.സി.-യിൽ 56 ജീവനക്കാർ.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ചികിത്സാ ധനസഹായം ലഭിക്കാൻ കാലതാമസം

28 (2501) ശ്രീ. കെ. പി. മോഹനൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ചികിത്സാ ധനസഹായം പ്രഖ്യാപിച്ചിട്ടും അപേക്ഷകർക്ക് ലഭിക്കാൻ ഉള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) 2006-2011 വരെ കണ്ണൂർ ജില്ലയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് എത്ര തുക അനുവദിച്ചു ; എത്ര തുക അപേക്ഷകർക്ക് നൽകിയെന്ന് വർഷം തിരിച്ച് വെളിപ്പെടുത്തുമോ ;

(സി) 2011 ജനുവരി 30 വരെയുള്ള അപേക്ഷകർക്ക് പ്രഖ്യാപിച്ച തുക ഉടൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 2006-11 വർഷം 4,58,70,563 (നാല് കോടി അന്പത്തിയെട്ട് ലക്ഷത്തി എഴുപതിനായിരത്തി അഞ്ഞൂറ്റി അറുപത്തിമൂന്ന് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

വർഷം	അനുവദിച്ച തുക
2006-07	27,68,707
2007-08	25,93,699
2008-09	1,76,38,383
2009-10	1,25,30,605
2010-11	1,03,39,169

(സി) അനുവദിക്കുന്ന തുക നൽകി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly